മാതൃഭൂമി

13 January 2026

# ലക്ഷദ്വീപ് മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കർമപദ്ധതി



കവരത്തിയിൽ നടക്കുന്ന മത്സ്യമേളയുടെ ഭാഗമായി സംഘടിപ്പിച്ച ഗുണഭോക്തൃ ശില്പശാലയിൽ പങ്കെടുത്തവർ

**കൊച്ചി▸** ലക്ഷദ്വീപിലെ മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെയുള്ള കർമപദ്ധതിയുമായി ദ്വീപ് ഭരണകൂടം. ഫിഷറീസ്-സമുദ്രകൃഷിരംഗത്ത് സാങ്കേതിക മുന്നേറ്റം, സംരംഭകത്വം, നിക്ഷേപം, ചൂര-കടൽപായൽ വിപണിശൃംഖല തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് പറഞ്ഞു. കവരത്തിയിൽ സിഎംഎഫ്ആർഐയുടെ ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം ഫിഷറീസ് വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന മത്സ്യമേളയോടനുബന്ധിച്ചു നടന്ന ഗുണഭോക്തൃ ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആവശ്യമായ മേഖലകളിൽ നിക്ഷേപം ആകർഷിക്കും. അലങ്കാര മത്സ്യകൃഷി, വിപണനം, കടൽ കൂടുകൃഷി തുടങ്ങിയവ കൂടുതൽ ജനകീയമാക്കും. യുവജനങ്ങൾക്കും സ്ത്രീകൾക്കും മുൻഗണന നൽകിയുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും. സ്വകാര്യ പങ്കാളിത്തത്തോടെ ദ്വീപിന്റെ ബ്ലൂ ഇക്കോണമി സാധ്യതകൾ പ്രയോജനപ്പെടുത്തും. കോൾഡ് സ്റ്റോറേജ്, ഫീഡ് നിർമാണ യൂണിറ്റുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കുന്നതിനൊപ്പം 'ലക്ഷദ്വീപ് പ്രീമിയം സീഫുഡ്' എന്ന ബ്രാൻഡിൽ ഉത്പന്നങ്ങൾ ആഗോള വിപണിയിലെത്തിക്കും-സെക്രട്ടറി പറഞ്ഞു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ. ബുസാർ ജംഹർ, ലക്ഷദ്വീപ് കെവികെ മേധാവി ഡോ. പി.എൻ. ആനന്ദ് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.